(ബി) ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ് നൽകിയതു വഴി പരിധിയിലധികം ഭൂമി കൈവശം വയ്ക്കുന്നവർ എത്രയാണ് എന്നും അവരെപ്പോലെ കൂടി മൊത്തം എത്ര ഏക്കർ ഭൂമി അധികമായി കൈവശം വച്ച് വരുന്നു എന്നുമുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇളവ് നൽകുന്നതു സംബന്ധിച്ച പുതിയ വ്യവസ്ഥ എന്ന മുതലാണ് നിലവിൽ വന്നതെന്നും അതിനുശേഷം പരിധി ഇളവിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്നും ഇതിൽ എത്രയെണ്ണത്തിൽ തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇളവ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകളായ നിക്ഷേപവും തൊഴിലവസരങ്ങളും ഇളവ് ലഭിച്ച് എത്ര മാസങ്ങൾക്കുള്ളിൽ ഉണ്ടാകേണ്ടതുണ്ട് എന്നും ആയതു സമയ ബന്ധിതമായി കൈവരിച്ചില്ലെങ്കിൽ ഇളവ് പിൻവലിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം ഇളവിനായി നാളിതുവരെ 70 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 10 അപേക്ഷകളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 22-8-2015-ലെ ജി.ഒ.(എം.എസ്.)നമ്പർ 408/2015/റവന്യൂ പ്രകാരമാണ് ഇളവ് നൽകുന്നത് സംബന്ധിച്ച പുതിയ വ്യവസ്ഥ നിലവിൽ വന്നത്. അതിനുശേഷം രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ തീരുമാനമായിട്ടില്ല.

(ഡി) ഒരു നിശ്ചിത കാലാവധിക്കുള്ളിൽ നിക്ഷേപവും തൊഴിൽ അവസരങ്ങളും ഉണ്ടാകേണ്ടതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഇളവ് നൽകുന്ന വ്യക്തിഗത ഉത്തരവ് പുറപ്പെടുവിക്കുന്നത്. ടി കാലാവധിക്കുള്ളിൽ നിക്ഷേപവും, തൊഴിൽ അവസരവും സൃഷ്ടിച്ചില്ലെങ്കിൽ ഇളവ് നഷ്ടപ്പെടുന്നതും താലൂക്ക് ലാന്റ് ബോർഡുകൾക്ക് സീലിംഗ് നടപടികൾ ആരംഭിക്കാവുന്നതുമാണ്.

## നീ-സർവ്വേ നടപടികളുടെ പുരോഗതി

208 (1291) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിലെ നീ-സർവ്വേയുടെ പുരോഗതിയും നീസർവ്വേ റിക്കാർഡുകൾ എന്നത്തേക്ക് നടപ്പിലാക്കുമെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലഹരണപ്പെട്ട റിക്കാർഡുകളും ഭൂമി സംബന്ധമായ അവ്യക്തതകളും നിലനിൽക്കുന്ന സാഹചര്യത്തിൽ റവന്യൂ കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് എത്രമാത്രം വിശ്വസനീയതയും സാധ്യതയും ഉണ്ടെന്ന് വ്യക്തമാക്കാമോ?

(സി) ഇ-സർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും റവന്യൂ രേഖകളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് ജില്ലാതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇ-സർവ്വേ നടപടികൾ ഭാഗികമായി പൂർത്തിയാക്കിയിരുന്ന 54 വില്ലേജുകളുടെയും 9 ബ്ലോക്കുകളുടെയും ഇ-സർവ്വേ ജോലികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ 31-10-2012-ലെ ജി.ഒ.(എം)നമ്പർ 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് ഇ-സർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തി അധികാരിക റിക്കോർഡുകളും മാപ്പുകളും മറ്റ് സർവ്വേ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്യും ഭൂമിയുടെ നാളത് കൈമാറ്റങ്ങൾക്കനുസരണമായി മാസ്റ്റർ റിക്കോർഡുകളിൽ മാറ്റം വരുത്തി നിലവിലുള്ള റിക്കോർഡുകൾ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നു. ഇതുവഴി റവന്യൂ കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് വിശ്വസനീയതയും സാധ്യതയും ഉറപ്പാക്കാവുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## മിനി ഫോറസ്റ്റിലെ ചെയിൻമാൻമാരുടെ വേതനം

209 (1292) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഫോറസ്റ്റിലെ സർവ്വേയുമായി ബന്ധപ്പെട്ട ചെയിൻമാൻമാരുടെ വേതനം എങ്ങനെയാണ് വിതരണം ചെയ്യുന്നത് ;

(ബി) പ്രസ്തുത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവ് എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിനി ഫോറസ്റ്റിലെ സർവ്വേയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച സർവ്വേ ജോലി സംബന്ധിച്ച വർക്ക് ഡയറി, ഡയറി സ്കെച്ച്, ക്ലാസിഫിക്കേഷൻ സ്കെച്ച്, പ്രൊട്ടോസോൾ, പെരിഫെറി സ്കെച്ച് എന്നിവ പരിശോധിച്ച് ഹെഡ് സർവ്വേയർ,

LIBRARY ARCHIVES Kerala Legislative Assembly